*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

149th Issue - Volume 4, No. 30 ജാഗ്രത 04th September 2010

"Whoever *brings back a sinner from the error of his way will save his soul from death and will cover a multitude of sins."*

St. James 5:20



## പ്രധാന വാർത്തകൾ

ഇടുക്കി ജില്ലയിലെ കർഷകരെ വഴിയാധാരമാക്കരുത്:

സീറോ മലബാർ സഭാ സിനഡ്

---

വിശ്വാസികൾ രാഷ്ട്രീയത്തിൽ ഇടപെടണം:

ഡോ. ഫ്രാൻസിസ് കല്ലറക്കൽ

---

ഈശ്വരവിശ്വാസത്തെയും മതസൗഹാർദത്തെയും തകർക്കാൻ ശ്രമിക്കുന്നവരെ ജാഗ്രതയോടെ കാണണം:

മാർ ജോസഫ് പവ്വത്തിൽ

---

കൃത്രിമ സന്താനോത്പാദന ബില്ല് വൻകിട കമ്പനികളെ സഹായിക്കാനുള്ള തന്ത്രം:

മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

---

തിന്മയെ മാന്യവത്കരിക്കുന്ന പ്രവണത അപകടകരം:

ഡോ. ജോസഫ് കാരിക്കശേരി

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## ഇടുക്കി ജില്ലയിലെ കർഷകരെ വഴിയാധാരമാക്കരുത്: സീറോ മലബാർ സഭാ സിനഡ്

ഇടുക്കി ജില്ലയിലെ പതിനായിരക്കണക്കിനു കർഷക കുടുംബങ്ങൾക്കു പട്ടയം നൽകാതെ വഴിയാധാരമാക്കുന്ന സ്ഥിതിവിശേഷത്തെ സീറോ മലബാർ സഭാ സിനഡ് അപലപിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചേർന്ന മെത്രാന്മാരുടെ സിനഡ് ഇടുക്കി ജില്ലയിലെ കർഷകരുടെ അവസ്ഥ വിലയിരുത്തിയ ശേഷമാണ് നിലപാട് പ്രഖ്യാപിച്ചത്. രണ്ടാം ലോക മഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ കേരള ജനതയുടെ പട്ടിണിയകറ്റാൻ സർക്കാർ നിർദേശപ്രകാരം കൃഷിഭൂമി തേടി കുടിയേറിയവരാണ് ഇപ്പോൾ പട്ടയം കിട്ടാതെ കുടിയിറക്കു ഭീഷണി നേരിടുന്നത്. അവരുടെ സമരത്തോടു സഭ ഐക്യദാർഢ്യം പ്രകടിപ്പിച്ചു. ഉടൻ പട്ടയം നൽകി നീതി കാണിക്കണമെന്നും സിനഡ് അഭ്യർഥിച്ചു. മുല്ലപ്പെരിയാർ ഡാമിന്റെ അപകടസ്ഥിതി കണക്കിലെടുക്കുമ്പോൾ ലക്ഷക്കണക്കിനാളുകളുടെ ജീവൻ ഭീഷണിയിലാണെന്നും ഈ അപകടസ്ഥിതി തമിഴ്നാട്-കേരള സർക്കാർ അതിഗൗരവമായി പരഗണിക്കണമെന്നും സിനഡ് ആവശ്യപ്പെട്ടു.

## വിശ്വാസികൾ രാഷ്ട്രീയത്തിൽ ഇടപെടണം: ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ



വിശ്വാസികൾ രാഷ്ട്രീയത്തിൽ സജീവവും ക്രിയാത്മകവുമായി ഇടപെടണമെന്ന് വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ. കച്ചേരിപ്പടി ആശിർഭവനിൽ ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിച്ച ക്രൈസ്തവ നേതൃത്വ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വരുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൂല്യബോധവും നന്മയുമുള്ളവരെ തെരഞ്ഞെടുക്കാൻ കഴിയണം. അതിന് രാഷ്ട്രീയത്തെ അറിയുകയും രാഷ്ട്ര നിർമാണ പ്രക്രിയയിൽ പങ്കെടുക്കാൻ ഉത്സുഹരാകണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. സ്ത്രീകൾക്ക് തെരഞ്ഞെടുപ്പുകളിൽ കൂടുതൽ സംവരണം ലഭിക്കുന്നു. ആധുനിക യുഗത്തിൽ അതിന്റെ പ്രസക്തി വലുതാണെന്ന് തിരിച്ചറിഞ്ഞ് സ്ത്രീകൾ പൊതുവേദികളിലും പ്രവർത്തനങ്ങളിലും രാഷ്ട്രീയത്തിലും മുന്നോട്ടുവരാനുള്ള സാഹചര്യമൊരുക്കുകയും പ്രേരിപ്പിക്കുകയും ചെയ്യണമെന്നും ആർച്ച്ബിഷപ് ആഹ്വാനം ചെയ്തു. സമൂഹത്തിന്റെ അടിസ്ഥാനഘടകമാണ് കുടുംബം. ദൈവികചിന്തകൾ നൽകി കുഞ്ഞുങ്ങളെ വളർത്താൻ കുടുംബങ്ങളിൽ ശ്രദ്ധിക്കണം. നാളത്തെ സഭയെയും സമൂഹത്തെയും നയിക്കുകയും നിലനിർത്തുകയും ചെയ്യുന്നവരാണെന്ന് തിരിച്ചറിഞ്ഞ് അവരെ വളർത്താനുള്ള ഉത്തരവാദിത്വമുണ്ട്. ആദിമസഭയിലുണ്ടായിരുന്ന പാരസ്പര സ്നേഹം, സഹായം, ക്ഷമ എന്നിവ നിലനിർത്തി ഒറ്റക്കെട്ടായി സാക്ഷ്യജീവിതം നയിക്കാൻ കഴിയണം. കുടുംബ കൂട്ടായ്മയിൽ നിന്നു വിട്ടു നിൽക്കുന്നവരെ സ്നേഹത്തിന്റെയും അനുനയത്തിന്റെയും മാർഗത്തിൽ മടക്കിക്കൊണ്ടുവരണമെന്നും ഡോ. ഫ്രാൻസിസ് കല്ലറക്കൽ ഓർമിപ്പിച്ചു. യോഗത്തിൽ മോൺ.ജോസഫ് തണ്ണിക്കോട്ട്, പയസ് ജോസഫ് എന്നിവർ പ്രസംഗിച്ചു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോൺ പുളിപ്പറമ്പിൽ സ്വാഗതവും സിസ്റ്റർ ലീന മേരി നന്ദിയും പറഞ്ഞു.


## ഈശ്വരവിശ്വാസത്തെയും മതസൗഹാർദത്തെയും തകർക്കാൻ ശ്രമിക്കുന്നവരെ ജാഗ്രതയോടെ കാണണം: മാർ ജോസഫ് പവ്വത്തിൽ



വിശ്വാസത്തെയും മതസൗഹാർദത്തെയും തകർക്കാൻ ശ്രമിക്കുന്ന ശക്തികളെ ജാഗ്രതയോടെ കാണണമെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ജമാഅത്തെ ഇസ്ലാമി സംഘടിപ്പിച്ച ഇഫ്ത്താർ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്. മതങ്ങളെ തമ്മിലും മനുഷ്യരെ തമ്മിലും അകറ്റാൻ ഗൂഢശ്രമങ്ങൾ നടക്കുന്നുണ്ട്. ചില മാധ്യമങ്ങളും ചില രാഷ്ട്രീയക്കാരും സ്വാധീനത്തിലൂടെ യുവതലമുറയെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നു. മതവിശ്വാസമില്ലാത്തവരാണ് സ്പർദയും വിദ്വേഷവും വളർത്തുന്നത്. യുവതലമുറയ്ക്ക് യഥാർഥ മതദർശനം പകരാൻ കഴിയണം. തെറ്റുകളെയും പാളിച്ചകളെയും പർവതീകരിക്കുന്ന സമീപനം ശരിയല്ല. മറ്റു മനുഷ്യരെയും മതങ്ങളെയും ആദരിച്ച് സൗഹൃദം ഉറപ്പിക്കണമെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. മൗലവി ജമാലുദീൻ മങ്കട സന്ദേശം നൽകി. പി. എ. നൗഷാദ് അധ്യക്ഷത വഹിച്ചു. സി.എഫ്.തോമസ്

എംഎൽഎ, സ്വാമി ധർമചൈതന്യ, അഡ്വ.പി.രവീന്ദ്രനാഥ്, മുഹമ്മദ് അമീൻ ഹസനി, സാംസൺ വലിയപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## കൃത്രിമ സന്താനോത്പാദന ബില്ല് വൻകിട കമ്പനികളെ സഹായിക്കാനുള്ള തന്ത്രം: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ



കൃത്രിമ സന്താനോത്പാദന സാങ്കേതികസഹായ ബില്ല് നടപ്പാക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം വൻകിട കമ്പനികളെ സഹായിക്കുന്നതിനുള്ള ആസൂത്രിത നീക്കമാണെന്നു കെസിബിസി ഫാമിലി-ലെയ്റ്റി കമ്മീഷൻ ചെയർമാൻ ഇടുക്കി ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അഭിപ്രായപ്പെട്ടു. പാലാരിവട്ടം പിഒസിയിൽ കെസിബിസി പ്രോലൈഫ്-ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിവിധ മതവിഭാഗങ്ങളിലുള്ളവരുമായി സഹകരിച്ചു നടത്തിയ സെമിനാറിന്റെ സമാപനച്ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വന്ധ്യത വർധിച്ചുവരുന്നതുകൊണ്ടൊന്നുമല്ല ഇത്തരത്തിൽ ഒരു ബില്ലു കൊണ്ടു വരാൻ ഭരണനേതൃത്വം ശ്രമിക്കുന്നത്. ഉത്പന്നങ്ങൾ വിറ്റഴിച്ചു ലാഭം കൊയ്യുന്ന വൻകിട കമ്പനികളെ തൃപ്തിപ്പെടുത്താനാണ് അവരുമായി ഇടപാടുകളുള്ള രാഷ്ട്രീയ പാർട്ടികൾക്ക് ഇത്തരത്തിലൊരു ബില്ലു കൊണ്ടുവരാൻ പ്രചോദനമാകുന്നതെന്ന് അദ്ദേഹം പറഞ്ഞു. കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോസ് കോട്ടയിൽ അധ്യക്ഷനായിരുന്നു. അഷ്റഫ്, റവ. ജേക്കബ് ബോൺസൺ, ഡോ. ദിലീപ്കുമാർ, ഫാ. സ്കറിയാ കന്യാകോണിൽ, ഏബ്രഹാം പുത്തൻകുളം, അഡ്വ. തോമസ് തണ്ണിപ്പാറ, അഡ്വ. ജോസ് വിതയത്തിൽ, അഡ്വ. ജോസ് സേവ്യർ, സാബു ജോസ്, ജോർജ് എഫ്. സേവ്യർ തുടങ്ങിയവർ പ്രസംഗിച്ചു.

## തിന്മയെ മാന്യവത്കരിക്കുന്ന പ്രവണത അപകടകരം: ഡോ. ജോസഫ് കാരിക്കശേരി



തിന്മയെ മാന്യവത്കരിക്കുന്ന പ്രവണത സമൂഹത്തിൽ അപകടകരമായ അവസ്ഥ സൃഷ്ടിച്ചിരിക്കുന്നതായി വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ജോസഫ് കാരിക്കശേരി അഭിപ്രായപ്പെട്ടു. പൂതംകുറ്റി സെന്റ് മേരീസ് പള്ളിയിൽ എട്ടുനോമ്പു പെരുന്നാളിനോടനുബന്ധിച്ചുള്ള കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നന്മയും തിന്മയും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തവിധം കൂടികലർന്നിരിക്കുന്നത് ആധുനിക കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധിയാണ്. സാധാരണക്കാരായ ജനങ്ങൾ ഈ തിന്മകൾക്കു വിധേയപ്പെട്ടു ജീവിക്കാൻ വിധിക്കപ്പെട്ടവരാണ്. മദ്യപാനം പോലുള്ള സാമൂഹ്യതിന്മകൾക്ക് ഇന്നു സാർവത്രികമായ മാന്യത കൈവന്നിരിക്കുന്നു. അപകടകരമായ ഈ സ്ഥിതിവിശേഷത്തിൽ നിന്നു സമൂഹത്തെ കരകയറ്റുകയെന്ന വലിയ ദൗത്യമാണു ക്രൈസ്തവർ ഏറ്റെടുക്കേണ്ടതെന്നും ബിഷപ് ഓർമിപ്പിച്ചു. ഗബ്രിയേൽ പുളിയൻ റമ്പാൻ അധ്യക്ഷത വഹിച്ചു. ഫാ. ജേക്കബ് മഞ്ഞളി മുഖ്യപ്രഭാഷണം നടത്തി. ഫാ. പൗലോസ് അറയ്ക്കപറമ്പിൽ, ഫാ. ഏല്യാസ് കൈപ്രമ്പാട്ട്, ഫാ. വർഗീസ് തൈപറമ്പിൽ, ഫാ. കെ.ടി. യാക്കോബ്, ഫാ. എൽദോസ് പാലയിൽ, ഫാ. വർഗീസ് അറയ്ക്കൽ, ഫാ. വർഗീസ് അരീയ്ക്കൽ, ഫാ. സാബു പാറയ്ക്കൽ, ഫാ. ജേക്കബ് മാത്യു, ഫാ. ജിബി യോഹന്നാൻ എന്നിവർ പ്രസംഗിച്ചു. വികാരി ഫാ. എമിൽ ഏല്യാസ് സ്വാഗതവും ജനറൽ കൺവീനർ പി.പി. എൽദോ നന്ദിയും പറഞ്ഞു.

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org, **Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA